(4) ബില്ലിലെ അപാകത സംബന്ധിച്ച്

2018 ജൂൺ മാസം 20-ാം തീയതി നിയമനിർമ്മാണത്തിന്റെ പരിഗണനാവേളയിൽ, 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിലെ ക്ലോസ് 4, 8 എന്നിവ നിയമപരമായി നിലനിൽക്കുന്നതല്ലെന്നും കമ്മീഷണറെ നിയമിക്കാൻ ഗവൺമെന്റിനുള്ള അധികാരം ഔദ്യോഗിക ഭേദഗതിയിലൂടെ ദേവസ്വം ബോർഡിനാണെന്ന് മാറ്റിയിട്ടുണ്ടെന്നും കവനന്റ് 10(ഡി) പ്രകാരം അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ദേവസ്വം ബോർഡിനായതിനാൽ ഗവൺമെന്റിന് നിയമനം നടത്താൻ അധികാരമില്ലെന്നും ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് സീനിയോറിറ്റിയനുസരിച്ച് കമ്മീഷണറായി നിയമനം നൽകണമെന്നും യോഗ്യതയുള്ളവരുടെ അഭാവത്തിൽ അഡീഷണൽ സെക്രട്ടറിയെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാമെന്ന് പറയുന്നതിൽ വ്യക്തത വരുത്തണമെന്നും ചീഫ് കമ്മീഷണറായി അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥരെയും കമ്മീഷണറായി ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥരെയും നിയമിക്കാമെന്ന് പറയുന്നത് ശരിയായ നടപടിയല്ലെന്നും കമ്മീഷണറുടെ പാനൽ സർക്കാർ ഹൈക്കോടതിയിലേയ്ക്ക് അയയ്ക്കുകയും

ഹൈക്കോടതി ദേവസ്വം ബോർഡുമായി ആലോചിച്ച് ഒരാളെ സെലക്ട് ചെയ്യുകയുമാണ് ചെയ്തുവരുന്നതെന്നും  നിയമനം നടത്താൻ ബോർഡിന് അധികാരമുള്ളപ്പോൾ ഹൈക്കോടതി സെലക്ഷൻ നടത്തുന്നത് ചർച്ച ചെയ്യപ്പെടേണ്ടതാണെന്നും  യോഗ്യതയുള്ള സീനിയർ ഉദ്യോഗസ്ഥനെ കമ്മീഷണറായി നിയമിക്കുന്നതിന് ഹൈക്കോടതിയുടെ അനുമതി ആവശ്യമില്ലെന്നും  എന്നാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് ഹൈക്കോടതിയുടെ അംഗീകാരം ആവശ്യമാണെന്നും അതുകൊണ്ട് ഔദ്യോഗിക ഭേദഗതിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാമെന്നുള്ള ഭാഗം ഒഴിവാക്കണമെന്നും ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

ദേവസ്വം ബോർഡുകളിലെ കമ്മീഷണർ നിയമനം കാലങ്ങളായി തുടർന്നുവരുന്നതാണെന്നും സംസ്ഥാനത്ത് 5 ദേവസ്വം ബോർഡുകളാണുള്ളതെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 1950 മുതൽ 1994 വരെ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം വഴിയാണ് കമ്മീഷണറെ നിയമിച്ചിരുന്നതെന്നും  TCHRI ആക്ടിൽ കമ്മീഷണർമാരുടെ നിയമനം ജീവനക്കാരുടെ ഉദ്യോഗക്കയറ്റമായി വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് മാത്രമല്ല നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾ  നിലവിലില്ലെന്നും  1990-ൽ ദേവസ്വം ബോർഡിന്റെ ഭരണത്തെയും ജീവനക്കാരുടെ പ്രവൃത്തികളെയും സംബന്ധിച്ച്

ആക്ഷേപങ്ങളുണ്ടായ സാഹചര്യത്തിൽ ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയും ദേവസ്വം ഭരണം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു ഹൈ പവർ കമ്മീഷനെ നിയമിച്ചിട്ടുണ്ടെന്നും പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദേവസ്വം കമ്മീഷണർ, ഫിനാൻസ് ഓഫീസർ, വിജിലൻസ് ഓഫീസർ തുടങ്ങിയ ഉയർന്ന തസ്തികകളിൽ 5 വർഷത്തേയ്ക്ക് സർക്കാരിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കണമെന്ന് വിധിയുണ്ടായതെന്നും കമ്മീഷണറായി നിയമിക്കുന്നതിന് 3 പേരെ നിശ്ചയിച്ച് ഗവൺമെന്റ് ഹൈക്കോടതിയെ അറിയിച്ചെങ്കിലും 8 മാസത്തിനുശേഷമാണ് അവസാനത്തെ നിയമനം നടന്നതെന്നും ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടണമെന്ന ലക്ഷ്യമാണ് സർക്കാരിനുള്ളതെന്നും യോഗ്യരായ ഉദ്യോഗസ്ഥർ ബോർഡിലുണ്ടെങ്കിൽ പ്രൊമോഷൻ നൽകാവുന്നതും അല്ലാത്തപക്ഷം സർക്കാർ നിർദ്ദേശിക്കുന്ന ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷനിൽ നിയമിക്കാവുന്നതാണെന്നും ഭരണഘടനയുടെ തത്വങ്ങളിൽ നിന്നുകൊണ്ടാണ് നിയമനിർമ്മാണം നടത്തുന്നതെന്നും ഭരണഘടനയുടെയും കവനന്റിന്റെയും പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് നിയമം നിർമ്മിക്കുന്നതെന്നും ഗവൺമെന്റ് ദേവസ്വം ഭരണത്തിൽ ഇടപെടുന്നുവെന്ന സംശയവും ദേവസ്വം ജീവനക്കാരുടെ

പ്രൊമോഷൻ തസ്തിക നഷ്ടപ്പെടുമെന്നുള്ള ആശങ്കയും ദൂരീകരിക്കുന്നതിനുവേണ്ടിയാണ് ഔദ്യോഗിക ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്നും ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നും സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി. *

" സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിന്റെ പരിഗണനയ്ക്കെതിരെ ഉന്നയിച്ച ക്രമപ്രശ്നങ്ങൾക്ക് മന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും രണ്ട് ഭേദഗതികൾ ഔദ്യോഗികമായി കൊണ്ടുവരാൻ തീരുമാനിച്ചതിനാലും ഭരണഘടനാ പ്രകാരമോ നിലവിലുള്ള വ്യവസ്ഥ പ്രകാരമോ കോടതിവിധിയുടെ അടിസ്ഥാനത്തിലോ ഉന്നയിച്ച തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല. അപ്രകാരം എന്തെങ്കിലും വ്യവസ്ഥകൾ ഭേദഗതി ചെയ്യേണ്ടതുണ്ടെങ്കിൽ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ അംഗങ്ങൾക്ക് അവസരമുണ്ടായിരിക്കുന്നതാണ്".

---

* XIV KLA/XI Session Vol.172 Report No.10 dated 20-6-2018